ALL INDIA RADIO Calicut
REGIONAL NEWS UNIT
ആകാശവാണി കോഴിക്കോട്
പ്രാദേശിക വാർത്തകൾ

തീയതി: 26.06..2017 സമയം: 06.45 am

- പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദി ഇന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തും. അമേരിക്കൻ വൻകിട കമ്പനികൾക്ക് ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങാൻ ഏറ്റവും അനുകൂല സാഹചര്യമാണിതെന്ന് ശ്രീ.മോദി.

- ആത്മവിശുദ്ധിയുടെ നിറവിൽ ഇന്ന് ചെറിയ പെരുന്നാൾ.

- സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് ഉടൻ നിലവിൽ വരുമെന്ന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ.

- പനി പ്രതിരോധ നടപടികളുടെ ഭാഗമായി ആശുപത്രികളിൽ താൽക്കാലിക ഡോക്ടർമാരെ നിയമിക്കും.

- ഇന്ത്യ-വെസ്റ്റിൻഡീസ് രണ്ടാം ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ഉജ്ജ്വല വിജയം.

- ശബരിമലയിൽ സ്വർണ്ണക്കൊടിമരം കേടുവരുത്തിയ സംഭവത്തിൽ മൂന്നുപേർ കസ്റ്റഡിയിൽ.

RNU CALICUT

പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദി ഇന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തും. ഭീകരവാദത്തെ ഒറ്റക്കെട്ടായി നേരിടുന്നതടക്കം സുപ്രധാന വിഷയങ്ങൾ ഇരുനേതാക്കളും ചർച്ച ചെയ്യും. എച്ച്1 ബി വിസ, രാജ്യരക്ഷാ സഹകരണം എന്നിവയടക്കം തന്ത്രപ്രധാനമായ വിഷയങ്ങൾ ചർച്ചയായേക്കും. ശ്രീ.മോദിക്കുവേണ്ടി ട്രംപ് പ്രത്യേക വിരുന്നു സൽക്കാരവും ഒരുക്കിയിട്ടുണ്ട്.

ലോകം മുഴുവൻ ഇന്ത്യയെ ഉറ്റുനോക്കുകയാണെന്ന് ശ്രീ.മോദി പറഞ്ഞു. രാജ്യത്ത് വ്യവസായങ്ങൾ തുടങ്ങുന്നത് എളുപ്പമാക്കാൻ ഏഴായിരത്തോളം പരിഷ്കാരങ്ങൾ ഗവ.കൊണ്ടുവന്നെന്ന് അദ്ദേഹം നേരത്തെ അമേരിക്കയിലെ മുൻനിര കമ്പനികളുടെ മേധാവികളുമായി നടത്തിയ കൂടിക്കാഴ്ചയിൽ പറഞ്ഞു. അമേരിക്കൻ കമ്പനികൾക്ക് ഇന്ത്യയിൽ പങ്കുചേരാൻ വൻസാധ്യതകളുണ്ട്. ഇന്ത്യ നടപ്പാക്കുന്ന ചരക്കുസേവന നികുതി ഈ വഴിയിൽ ഏറെ പ്രാധാന്യമേറിയതാണെന്നും ശ്രീ.മോദി പറഞ്ഞു.

ഇന്ത്യ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും ഒരു ശക്തിക്കും ഇന്ത്യയെ തടയാൻ സാധിക്കില്ലെന്നും പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദി, വെർജിനിയയിൽ ഇന്ത്യൻ വംശജർ നൽകിയ സ്വീകരണ യോഗത്തിൽ പറഞ്ഞു. ഇന്ത്യയേക്കുറിച്ചു പുലർത്തുന്ന സ്വപ്നങ്ങൾ

RNU CALICUT

സാക്ഷാത്ക്കരിക്കാൻ സാധിക്കുമെന്നും അധികം വൈകാതെ തന്നെ അവ യാഥാർത്ഥ്യമാകുമെന്നും പ്രധാനമന്ത്രി ഉറപ്പു നൽകി.

ഇന്ത്യയിലെ പല ഗവൺമെന്റുകളും പരാജയപ്പെട്ടത് അഴിമതിയെത്തുടർന്നാണ്. കഴിഞ്ഞ മൂന്നുവർഷമായി NDA ഗവൺമെന്റിനുമേൽ അഴിമതിയുടെ ചെറിയ കറ പോലും ഉണ്ടായിട്ടില്ലെന്നും ശ്രീ.മോദി പറഞ്ഞു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

ആത്മവിശുദ്ധിയുടെ നിറവിൽ ഇന്ന് ചെറിയ പെരുന്നാൾ. വ്രതശുദ്ധിയുടെ മുപ്പത് ദിനരാത്രങ്ങൾ പൂർത്തിയാക്കിയാണ് സംസ്ഥാനത്ത് ഇസ്ലാംമത വിശ്വാസികൾ ഈദുൽഫിത്വർ ആഘോഷിക്കുന്നത്. മഴ കണക്കിലെടുത്ത് കോഴിക്കോട് ഉൾപ്പെടെ ചില സ്ഥലങ്ങളിൽ ഈദ്ഗാഹുകൾ ഒഴിവാക്കിയിട്ടുണ്ട്. ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിലും കർണാടകയിലും മറ്റി ചില സംസ്ഥാനങ്ങളിലും ഇന്നലെയായിരുന്നു പെരുന്നാളാഘോഷം.

ഓഡിയോ

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വകുപ്പ് ഉടൻ നിലവിൽ വരുമെന്ന് മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ പറഞ്ഞു. ഇതിന് നടപടികൾ അവസാനഘട്ടത്തിലാണ്. കുട്ടികളുടെ സംരക്ഷണവും

PNU CALICUT

ദത്ത് നൽകലും സംസ്ഥാന ശിശുക്ഷേമസമിതിയുടെ ചുമതലയിലാണെന്നും, സമിതിയുടെ പ്രവർത്തനത്തിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചതായും ശ്രീ.പിണറായി കണ്ണൂരിൽ പറഞ്ഞു. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാവില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പിണറായി പുത്തൻകണ്ടത്തിൽ അംഗനവാടി പരിശീലനകേന്ദ്രത്തിന്റെ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

കേന്ദ്രറോഡ് പദ്ധതിയിൽ ഈ വർഷം സംസ്ഥാനം നിർദ്ദേശിച്ച എല്ലാ പ്രവൃത്തികൾക്കും അനുമതി ലഭിച്ചതായി മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അറിയിച്ചു. ഇക്കാര്യത്തിൽ ആരോഗ്യകരമായ സമീപനമാണ് കേന്ദ്രമന്ത്രി ശ്രീ.നിതിൻ ഗഡ്കരിയിൽനിന്നുണ്ടായതെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ജില്ലയിലെ തീർത്ഥാടന കേന്ദ്രങ്ങളായ പറശ്ശിനിക്കടവിനെയും അണ്ടല്ലൂരിനെയും ബന്ധിപ്പിക്കുന്ന ചിറക്കുനി-പറശ്ശിനിക്കടവ് റോഡിന്റെ നവീകരണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ.പിണറായി വിജയൻ.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

സംസ്ഥാനത്ത് പനി പ്രതിരോധ നടപടികളുടെ ഭാഗമായി ആശുപത്രികളിൽ താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയ

തായി മന്ത്രി ശ്രീമതി കെ.കെ.ശൈലജ കോഴിക്കോട്ട് പറഞ്ഞു. ജില്ലയിലെ പനി പ്രതിരോധ നടപടികൾ അവലോകനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു അവർ. രോഗികൾ അധികം എത്തുന്ന ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്ക് സുരക്ഷിതമായ താൽക്കാലിക സംവിധാനം ഒരുക്കും. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും, ഒരു നഴ്സിനെയും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ രണ്ട് ഡോക്ടർമാരേയും, രണ്ട് നഴ്സുമാരെയും നിയമിക്കാൻ തദ്ദേശവകുപ്പ് നടപടിയെടുത്തതായും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് പകർച്ചപ്പനി ഭീതിജനകമായ അവസ്ഥ സൃഷ്ടിച്ചിട്ടില്ലെന്നും, ഗവ.ആശുപത്രികളിലുൾപ്പെടെ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി പനി നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞതായും മന്ത്രി അറിയിച്ചു. നാളെ മുതൽ മൂന്നുദിവസം ജില്ലയിൽ നടക്കുന്ന ശുചീകരണ പ്രവൃത്തികളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തമുണ്ടാവണമെന്നും മന്ത്രി നിർദ്ദേശിച്ചു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

പനി ബാധിച്ച് ഇന്നലെ സംസ്ഥാനത്തെ ആശുപത്രികളിൽ 10,962 പേർ ചികിത്സ തേടി. കൊല്ലത്തെ 53 പേർ ഉൾപ്പെടെ 83 പേർക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചു. കോഴിക്കോട്ട് പത്തുപേർക്കും, കോട്ടയം, മലപ്പുറം ജില്ലകളിൽ

RNU CALICUT

ഓരോരുത്തർക്കും എച്ച്-1 എൻ-1 പനിയും സ്ഥിരീകരിച്ചിട്ടുണ്ട്.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

കോഴിക്കോട് ജില്ലയിൽ ഈ മാസം 24 വരെ 3080 ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ആശാദേവി അറിയിച്ചു. എച്ച്1എൻ1 ബാധിച്ച് 98 പേർ ചികിത്സ തേടിയതായും ആറുപേർ മരിച്ചതായും അവർ പറഞ്ഞു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

കോട്ടയത്ത് പകർച്ചപ്പനി പ്രതിരോധനടപടികൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി നാളെ മുതൽ മൂന്നുദിവസം ശുചീകരണപ്രവർത്തനങ്ങൾ നടത്തും. തുടർ ദിവസങ്ങളിൽ നിയോജകമണ്ഡല-പഞ്ചായത്ത് -നഗരസഭാ തലങ്ങളിൽ പ്രത്യേക യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തും.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

തൊടുപുഴ നഗരസഭാ പ്രദേശത്ത് പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നഗരസഭാ പരിധിയിലെ മുഴുവൻ സ്ഥലങ്ങളിലെയും ഓടകൾ വൃത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് നാളെ സർവ്വകക്ഷി യോഗം ചേരും.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖



RUCALICUT

ഇന്ത്യ-വെസ്റ്റിൻഡീസ് രണ്ടാം ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ഉജ്ജ്വല വിജയം. പോർട്ട് ഓഫ് സ്പെയിനിലെ, ക്വീൻസ് പാർക്ക് ഓവലിൽ വെസ്റ്റിൻഡീസിനെ 105 റൺസിനാണ് ഇന്ത്യ തകർത്തത്. ആദ്യ ഏകദിന മത്സരം മഴയെത്തുടർന്ന് ഉപേക്ഷിച്ചിരുന്നു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ സംസ്ഥാനതല ചടങ്ങ് ഇന്ന് വൈകിട്ട് കണ്ണൂരിൽ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കണ്ണൂർ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ മന്ത്രി ശ്രീ.ടി.പി രാമകൃഷ്ണൻ അദ്ധ്യക്ഷനായിരിക്കും. ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിലെ 11,000 കുടുംബശ്രീ അയൽക്കൂട്ടങ്ങളിലും വായനശാലകളിലും ഇന്നലെ വൈകിട്ട് 'വിമുക്തിദീപം' തെളിയിച്ചു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

ശബരിമലയിൽ സ്വർണ്ണക്കൊടിമരത്തിന്റെ പഞ്ചവർഗ്ഗത്തറയിൽ രാസലായനി ഒഴിച്ച സംഭവത്തിൽ പ്രതികൾ എന്ന് സംശയിക്കുന്ന മൂന്ന് വിജയവാഡ സ്വദേശികളെ പൊലീസ് കസ്റ്റഡിയിലെടുത്തു. സിസിടിവി ദൃശ്യങ്ങളിൽ നിന്നാണ് പ്രതികളെ തിരിച്ചറിഞ്ഞത്. പമ്പ KSRTC ബസ് സ്റ്റാന്റിൽനിന്നും കസ്റ്റഡിയിലെടുത്ത ഇവരെ ചോദ്യം ചെയ്ത് വരികയാണ്. പ്രതികളെന്ന്



RMU CALICUT

സ്ഥിരീകരിച്ചാൽ പൊതുമുതൽ നശിപ്പിച്ചതിനും മത സ്പർദ്ധ വളർത്താൻ ശ്രമിച്ചതിനുമടക്കം കുറ്റങ്ങൾ ചുമത്തി അവർക്കെതിരെ കേസ് എടുക്കുമെന്ന് പൊലീസ് അറിയിച്ചു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

ശബരിമലയിലെ സ്വർണ്ണക്കൊടിമരം കേടുപാടു വരുത്തിയ സംഭവത്തിന്റെ സാഹചര്യത്തിൽ ശബരിമലയുടെ സുരക്ഷ കേന്ദ്രസേനയെ ഏൽപ്പിക്കണമെന്ന ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് ശ്രീ.കുമ്മനം രാജശേഖരൻ ആവശ്യപ്പെട്ടു. ശബരിമലയിൽ സുരക്ഷാ വീഴ്ചയുണ്ടാകുന്നത് കേരളത്തിന് അപമാനം വരുത്തിവയ്ക്കുമെന്നും ശ്രീ.കുമ്മനം ഫേസ്ബുക്കിൽ കുറിച്ചു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

ഇടുക്കി ജില്ലയിൽ ജൂലൈ ഒന്നുമുതൽ പുതിയ പട്ടയ അപേക്ഷകൾ സ്വീകരിക്കും. 1993-ലെ വനഭൂമി കുടിയേറ്റ ക്രമീകരണ ചട്ടങ്ങൾ പ്രകാരം ജില്ലയിൽ മുമ്പ് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും അപേക്ഷ സമർപ്പിച്ച ശേഷം ഭൂമി കൈമാറ്റം ചെയ്തവർക്കും പട്ടയത്തിന് അപേക്ഷ നൽകാം. ജൂലൈ ഒന്നുമുതൽ ഡിസംബർ 31 വരെ എല്ലാ പ്രവൃത്തിദിവസങ്ങളിലും ഭൂമി പതിവ് ഓഫീസുകളിലാണ് അപേക്ഷ നൽകേണ്ടത്.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

പ്രവാസി മലയാളികളെ പ്രയാസത്തിലാക്കുന്ന വിമാന

RNU CALICUT

യാത്രാനിരക്ക് വർദ്ധന പിൻവലിക്കണമെന്ന് KPCC സെക്രട്ടറി ശ്രീ.മാന്നാർ അബ്ദുൾ ലത്തീഫ്, കേന്ദ്ര മന്ത്രി ശ്രീ.അശോക് ഗണപതിരാജുവിന് അയച്ച അടിയന്തര സന്ദേശത്തിൽ ആവശ്യപ്പെട്ടു. പെരുന്നാൾസമയത്ത് സാധാരണ നിരക്കിനേക്കാൾ അഞ്ചും ആറും ഇരട്ടി വർദ്ധനയാണ് വിമാനക്കമ്പനികൾ ഈടാക്കുന്നതെന്ന് കത്തിൽ പറയുന്നു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

ഇടുക്കി ജില്ലയിൽ മഴ ശക്തിയാർജ്ജിച്ചു. ഇടുക്കി ഡാമിലേക്കുൾപ്പെടെ നീരൊഴുക്ക് വർദ്ധിച്ചു. ഇടുക്കി ഡാമിൽ അരയടിയോളം ജലനിരപ്പ് ഉയർന്നു. 2300.65 അടിയാണ് ഇപ്പോഴത്തെ ജലനിരപ്പ്.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

മഴക്കാലം ആരംഭിച്ചതോടെ ഇടുക്കി ജില്ലയിൽ മലയോര മേഖലകളിൽ ആദിവാസിഗ്രാമങ്ങളിൽ പട്ടികവർഗ്ഗ വകുപ്പ് വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്ന് പൊലീസ് രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ട് നൽകി. ട്രൈബൽ പ്രമോട്ടർമാരുടെ സേവനം പലയിടങ്ങളിലും ലഭിക്കുന്നില്ലെന്നാണ് പരാതി.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

ആലപ്പുഴയിൽ ഇന്നലെയും ഇന്നുമായി പെയ്യുന്ന കനത്ത മഴയിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. കാറ്റിൽ മരം വീണ് പലയിടങ്ങളിലും വൈദ്യുതി

RNU CALICUT

ബന്ധം തകരാറിലായി. ജില്ലയിലെ തീരപ്രദേശങ്ങളിൽ കടൽക്ഷോഭവും രൂക്ഷമാണ്.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

KSRTC യുടെ മിന്നൽ സൂപ്പർ സർവ്വീസുകൾ ബുധനാഴ്ച തുടങ്ങും. കട്ടപ്പന, കുമളി, മൂന്നാർ എന്നിവിടങ്ങളിൽ നിന്ന് തിരുവനന്തപുരത്തേക്ക് മൂന്ന് സർവ്വീസുകളാണ് ഇടുക്കി ജില്ലയിൽനിന്ന് ആരംഭിക്കുന്നത്. മറ്റ് ഏഴ് റൂട്ടിലും രാത്രികാല സർവ്വീസുകൾ ഉണ്ടായിരിക്കും.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

Kerala Federation of the Blind ന്റെ നേതൃത്വത്തിൽ നാളെ മുതൽ ഹെലൻ കെല്ലർ ദിനം ആചരിക്കും. ഇതിന്റെ ഭാഗമായി കണ്ണൂരിൽ അനുസ്മരണ പ്രഭാഷണം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുമെന്ന് ഫെഡറേഷൻ സെക്രട്ടറി ശ്രീ.ടി.എൻ മുരളീധരൻ അറിയിച്ചു.

❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖ ❖

RNU CALICUT